പമ്പിംഗ് സ്റ്റേഷനും തുടർന്നും കാലിക്കറ്റ് വാട്ടർ സപ്ലൈ സ്കീമിലേക്കുള്ള ജലവിതരണത്തിന് ഉപയോഗിക്കുന്നതാണ്. വിതരണത്തിന് തികയാതെവരുന്ന ജലം മാത്രം ജൈക്ക പദ്ധതിയിൽ നിന്നും ലഭ്യമാക്കിക്കൊണ്ട് കോഴിക്കോട് ശുദ്ധജലവിതരണപദ്ധതി തൃപ്തികരമായി നടത്തുവാൻ സാധിക്കുന്നതാണ്. കൂളിമാട് നിർമ്മിച്ച കിണറും പമ്പ് ഹൗസും നിർമ്മാണവേളയിൽത്തന്നെ എം.പി. ഫണ്ടുപയോഗിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി പഞ്ചായത്തിനോട് ഏറ്റെടുക്കുവാനാണ് അഭ്യർത്ഥിച്ചിരിക്കുന്നത്. അത് ഏറ്റെടുത്താൽ ഉടൻ പ്രവർത്തനമാരംഭിക്കാം.

## V. മേശപ്പുറത്തുവച്ച കടലാസുകൾ

### ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ

(1) വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 976, എട്ടാം സമ്മേളനത്തിലെ 1136, പത്താം സമ്മേളനത്തിലെ 1193 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(2) റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 3387, ഒൻപതാം സമ്മേളനത്തിലെ 1120, 4369, 4377, 4386 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VI റിപ്പോർട്ട് സമർപ്പണം

(1) റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയസമിതി II-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(2) വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly